പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5281 1/07/2014-ൽ മറുപടിക്ക്

## ചാത്തൻകോട്ടുനട മിനിജലവൈദ്യുതി പദ്ധതിയുടെ ഭാഗമായുള്ള റോഡു നിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി. കെ.കെ.ലതിക | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) | ചാത്തൻകോട്ടുനട മിനി ജലവൈദ്യുത പദ്ധതിയുടെ ഭാഗമായി കാവിലുംപാറ ഗ്രാമപഞ്ചായത്തിന്റെ കൈവശമുള്ള ചൊത്തക്കൊല്ലി-ഓടേരിപ്പൊയിൽ റോഡിന്റെ എത്ര മീറ്റർ ഭാഗത്താണ് കെ.എസ്.ഇ.ബി. നവീകരണ പ്രവൃത്തികൾ നടത്തുന്നത് എന്ന് വ്യക്തമാക്കുമോ; | (എ) ചൊത്തക്കൊല്ലി - ഓടേരിപ്പൊയിൽ റോഡിന്റെ ആദ്യ 550 മീറ്റർ ദൂരത്തിലാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് നവീകരണ പ്രവൃത്തികൾ നടത്തുന്നത്. |
| (ബി) | പ്രസ്തുത റോഡിൽ എന്തെല്ലാം പ്രവൃത്തികൾ നടത്തുന്നതിനുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്നും ആയതിനായി എന്തു തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) ജലവൈദ്യുത പദ്ധതിയുടെ ജോലികൾക്കുള്ള എസ്റ്റിമേറ്റിൽ റോഡിന് വീതികൂട്ടുക, സംരക്ഷണ ഭിത്തി നിർമ്മിക്കുക, ടാറിങ്ങ് ചെയ്യുക എന്നീ പ്രവൃത്തികൾക്കുള്ള തുകയാണ് വകയിരുത്തിയിട്ടുള്ളത്. ഇത് 13.52 ലക്ഷം രൂപയാണ്. |
| (സി) | പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പൂർത്തിയാക്കിയെന്നും ആയതിന് എന്തു തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; | (സി) റോഡിന് വീതി കൂട്ടുന്ന ജോലി പൂർത്തിയായിട്ടുണ്ട്. സംരക്ഷണ ഭിത്തി നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. ഇവയ്ക്ക് ഇതുവരെ 2.89 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ബാക്കി ജോലികൾ പൂർത്തിയാക്കുവാൻ ഇനിയും തുക ചെലവഴിക്കേണ്ടതായി വരുന്നതാണ്. |
| (ഡി) | പ്രസ്തുത റോഡ് വീതി കൂട്ടുന്നതിന് എത്ര സ്ഥലം കെ.എസ്.ഇ.ബി. ഏറ്റെടുത്തുവെന്ന് വ്യക്തമാക്കുമോ? | (ഡി) 20.53 സെന്റ് സ്ഥലം . |

സെക്ഷൻ ഓഫീസർ